പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം: **3427**

24.06.2013 ൽ മറുപടിയ്ക്ക്

## സ്റ്റുഡന്റ്സ് പോലീസ് മാതൃകയിൽ പ്രാദേശിക തലത്തിൽ ജീവൻ രക്ഷാസേന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സ്റ്റുഡന്റ്സ് പോലീസ് സമ്പ്രദായം നിലവിൽ എത്ര സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട് ; പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | (എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കീം ആകെ 247 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷം 70 സർക്കാർ സ്കൂളുകളിലേയ്ക്കു കൂടി പ്രസ്തുത സ്കീം വ്യാപിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) സ്റ്റുഡന്റ്സ് പോലീസ് മാതൃകയിൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സന്നദ്ധ പ്രവർത്തനങ്ങൾക്ക് തയ്യാറുള്ള യുവാക്കളെ ചേർത്ത് പ്രാദേശിക തലത്തിൽ ഒരു ജീവൻ രക്ഷാ സേന രൂപീകരിക്കുവാനും ഇവരുടെ സേവനം അപകടങ്ങൾ ഉണ്ടാകുമ്പോഴും മറ്റ് അടിയന്തര ഘട്ടങ്ങളിലും വിനിയോഗിക്കുവാനും പദ്ധതി തയ്യാറാക്കുമോ ; | (ബി) റോഡ് സേഫ്റ്റി സ്കീമിന്റെ ഭാഗമായി പ്ലാൻ പദ്ധതി പ്രകാരം 100 ഹൈവേ - സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത് അപകടങ്ങൾ കൂടുതൽ നടക്കുന്ന മേഖലകളിലെ പോലീസ് സ്റ്റേഷൻ അധികാരികളെയും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും, സന്നദ്ധ പ്രവർത്തനങ്ങൾക്ക് തയ്യാറുള്ള യുവാക്കളെയും ഉൾപ്പെടുത്തിയാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. |
| (സി) ഈ സേനയിലെ അംഗങ്ങൾക്ക് പോലീസ്, ഫയർ & റെസ്ക്യൂ വിഭാഗങ്ങളുടെ കീഴിൽ പ്രത്യേക പരിശീലനം നൽകുവാനും സർട്ടിഫിക്കറ്റ് നൽകുവാനും നടപടി സ്വീകരിക്കുമോ ; ഇത്തരം സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്ക് സേനാ സ്വഭാവമുള്ള ജോലികളിൽ മുൻഗണന നൽകുമോ ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ